**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 494** **28-06-2022 - ൽ മറുപടിയ്ക്ക്**

**ധനകാര്യ വകുപ്പിൻറെ ചെലവ് ചുരുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചെലവ് ചുരുക്കലിന്റെ ഭാഗമായി കഴിഞ്ഞ 6 മാസമായി ഏതൊക്കെ പ്രൊപ്പോസലുകളാണ് ധനകാര്യ വകുപ്പ് തടഞ്ഞു വച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.<br><br>ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് കാലാകാലങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മേൽ നിയന്ത്രണങ്ങൾക്കപ്പുറം ചെലവുചുരുക്കലിന്റെ ഭാഗമായി പ്രൊപ്പോസലു കളൊന്നും ധനകാര്യവകുപ്പിൽ തടഞ്ഞുവച്ചിട്ടില്ല. എന്നാൽ ദൈനംദിന ക്യാഷ് മാനേജ്മെന്റിനുവേണ്ടി ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ